61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

Item Code: 640 Participant Code: 101

# സഫർ

അന്തിവെയിൽ ജനലഴികൾക്കിടയിലൂടെ തെളിഞ്ഞുതുടങ്ങ-ത്തി സഫറിന്റെ മുടിച്ചുരുളുകളിൽ കയറി. തിരക്കുപിടിച്ച ചലനങ്ങളിലൂടെ അവൻ കട്ടിലിനടിയിൽ നിന്നു മരപ്പെട്ടി പുറത്തേക്കു വലിച്ചു. തുറന്നപ്പോൾ ശബ്ദമുണ്ടായി. പൊടി പറന്നു. കട്ടിലിൽ കിടന്ന് മാമ[1] നെടുവീർപ്പിട്ടു.

"സഫറൂ," ഒടിഞ്ഞുതൂങ്ങിയ സ്വരത്തിൽ മാമ വിളിച്ചു. സഫർ മുഖമുയർത്തി നോക്കി. ആയിരം ചുളിവുകളിൽ കടൽത്തിരകൾ നിറഞ്ഞ മാമയുടെ മുഖം. "എന്തിന് നിങ്ങക്ക് വല?"[2]

"അങ്ങക്ക് ഗോൾപോസ്റ്റില് കെട്ടണൊ,[3] മാമാ," സഫർ പറഞ്ഞു.

"ഗോൾപോസ്റ്റിലാ?"

"ആ, ഒക്കു.[4]"

സഫറിനെന്നും പന്തിനോടായിരുന്നു ഇഷ്ടം. കുട്ടിക്കാലം നനഞ്ഞ മണലിലൂടെ ചിരിച്ചുകൊണ്ടോടിയപ്പോഴും കൗമാരം ഏകാന്തമായ കാറ്റാടിക്കാ-

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ട്ടിലേക്ക് കൈകാട്ടി വിളിച്ചപ്പോഴും സാഹർ ആ-
നന്ദം കൊണ്ട് ബൂട്ടു കെട്ടിയ ആൺകുട്ടികൾ
ഗോൾ തിരഞ്ഞു പാഞ്ഞുകൊണ്ടിരുന്ന മൈതാ-
നം പറ്റി നിന്നു. അവളുടെ ഹൃദയമിടിപ്പുകൾ-
ക്ക് പന്തിന്റെ അതേ താളം.

പാത്രങ്ങൾ കഴുകിവെച്ച് മാമാനെ കു-
ളിപ്പിച്ചു കഴിഞ്ഞ് ആകെ തളർന്നൊരു നട്ടു-
ച്ചയ്ക്ക് സഹർ മൈതാനത്തേക്കോടിപ്പോയി.
കിര മറിച്ച് കടലവളെ നോക്കിക്കൊണ്ടിരുന്നു. ക-
ളിച്ചുകൊണ്ടിരുന്നവർ അവളെ ശ്രദ്ധിച്ചതേയില്ല. ആ-
കാശം ഉരുകിയൊലിച്ച് സാഹറിന്റെ തലയിൽ
വീണു കത്തി.

"ഗോളാ!"[5] സഹർ അലറിവിളിച്ചു. എല്ലാവരും
കളി നിർത്തി. അമ്പരപ്പ് വേഗം തന്നെ പുച്ഛ-
ച്ചിരികളായി അവരുടെ മുഖങ്ങളിൽ പടർന്നു. "അ-
ന്ടെക്ക് കല്യാണൊ!"[6]

"അയിന് നിങ്ങക്ക് കളിയന്ത് ന് അ-
റിയോ, മോളേ?"[7] ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ
പോർച്ചുഗീസ് ജേഴ്സി ധരിച്ച് വാ നിറച്ചും
ചിരിയുമായി നിന്ന ഒരുവൻ ചോദിച്ചു.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

"ഫുട്ബോൾ." ആ വാക്കിന് എന്തൊരു കുളിര്! സാഹറിന്റെ ആത്മാവിലേക്കൊരു കടൽ പെയ്തിറങ്ങി.

ആൺകുട്ടികൾ ആർത്തുചിരിച്ചു. സാഹറിന്റെ തലയിൽ വീണ്ടും വെയിലാളി.

"ഇവിടെ എന്ത് നീയന്താക്കു?"[8] മറ്റൊരുവൻ തിരക്കി. അവന്റേത് എഫ്.സി. ബാഴ്സലോണയുടെ ലിയണൽ മെസ്സി ജേഴ്സിയാണെന്നു കണ്ടപ്പോൾ സാഹറിന്നു മമത തോന്നാതിരിക്കാനായില്ല.

"ഞാന് പന്ത് വലേല്ടു,"[9] സാഹർ യാതൊരു സംശയവുമില്ലാതെ മറുപടി നൽകി.

കളിക്കാർ വീണ്ടും കൂട്ടച്ചിരിയായി. "അയിന് ഞങ്ങളെ പോസ്റ്റിലെന്തു വലയില്ലാലോ! ഒരു പോസ്റ്റിലിടാനെങ്കു വലേം കൊണ്ട് വാന്നി. അപ്പൊ നമ്മൊ കൂട്ടാ നിന്നെ കളക്യാൻ."[10] അവർ തിരികെ കളിയിലേക്കിറങ്ങി. നീണ്ട മരക്കഷ്ണങ്ങൾ ചേർത്തുണ്ടാക്കിയ വലയില്ലാ ഗോൾപോസ്റ്റുകളിലേക്ക് സാഹർ തുറിച്ചുനോക്കി. പിന്നെ കോപത്തോടെ ചാടിത്തുള്ളി തിരിച്ചുനട-

ന്നു.

മാമന്റെ പഴയ പെട്ടിയിൽ നിന്നും വീശ-
വല വലിച്ചു പുറത്തിട്ട് സഹറിരുന്നു. ഓർമകളുടെ
മണം പൊങ്ങി.

"ചെക്കന്മാരോട് പിന്നവു തല്ലാക്കിയാ"[11], സ-
ഹറൂ?" മാമ പതുക്കെ ചോദിച്ചു.

"ആ, മാമാ. ഇക്കുറി ഓറ് ചെല്ലി ഞാൻ
പോസ്റ്റില് വലെട്ടക്ക് അമന്ന കൽക്ക്യാക്കുട്ടാ-
ന്ന്. അമന്ന ആദ്യലെ ഒയ്‌വാക്കാനാണ്ടീറ്റ് പറ-
ഞ്ഞത്. മാന്ത്രാ അങ്ങ്ക്കടമെ ഒയ്‌വാവാക്കണ്ട-
ചാലോ. ഞാന് ഈ വലെട്ടത്തിറ്റ് പോവു, മാമാ.
ഓറിനി എന്ത് ചെല്ലൂ ന് നോക്കാ."[12]

"ആയിക്കോട്ട്, സഹറൂ, നീ കരക്ക്. ഈ
വലക്ക് വൈല്ല്യോരി കതെണ്ട്. കൊറീയ
നൊംപ്പനൊ കണ്ട വലെ അത്, ഇനിയത്
നിങ്ങ്ക്കായി."[13]

സഹർ തന്റെ കൈകാളിലും പെട്ടി-
യിലും തറയിലുമായി പരന്നുകിടക്കുന്ന വല-
യിലേക്കും ~~ഇക്കാ~~ മാമന്റെ മെയിൽ വീണ
മുഖത്തേക്കും മാറിമാറി നോക്കി. സ്വപ്നങ്ങൾ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

കണ്ട വലയോ? കഥ കേൾക്കാനായി, അവൾ
വല മാറ്റിവെച്ച് അവിടെ പടിഞ്ഞിരുന്നു.
വർഷങ്ങളുടെ തിരമാലകൾക്കപ്പുറം കട-
പ്പുറത്ത് ഒരു ആമിനയുണ്ടായിരുന്നു. മാമാന്റെ
ഉമ്മ. അന്ന് മാമ തൊട്ടിലിലായിരുന്നു. പതി-
നേഴുകാരിയായ ആമിനയുടെ കണ്ണുകൾക്കു താ-
ഴെ കറുപ്പു നിഴലുകൾ പരന്നിരുന്നു.
ആമിനയുടെ കുട്ടിക്കാലം തോണിയിലാ-
യിരുന്നു. പകലിന് ഉറക്കം തെളിയും മുമ്പ്
അവൾ ഉപ്പാന്റെ കൂടെ കടലിൽ പോയി. ഓ-
രോ വലയെറിയലിലും കുഞ്ഞുസ്വപ്നങ്ങൾ
കടൽപ്പരപ്പിൽ പരന്നുവീണു. അവളുടെ ആകാ-
ശങ്ങളിൽപോലും മീനുകൾ നീന്തിത്തുടിച്ചു.
വീട്ടുപടിക്കൽ തന്നെയായിരുന്നിട്ടും കടൽ
അകലത്തായില്ലാതായതെപ്പോഴാണെന്ന് ആമിനയ്-
ക്കോർമയില്ലായിരുന്നു. കുഞ്ഞിനെ അരികത്തു
കിടത്തി കട്ടിലിലിരിക്കെയാണ്, താനും കൂടി
കടലിൽ വന്നോട്ടെയെന്നവൾ ~~ചോദിച്ചവൾ~~
ചോദിച്ചത്. അടിയിൽ മുഖത്തിന്റെ ഇടതുഭാഗം
മുഴുവൻ പുകഞ്ഞു. വാക്കൊന്നുമെറിയാതെ.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഉറങ്ങിപ്പോയ മധ്യവയസ്കനെ അവൾ ഒരിക്കൽക്കൂടി ഒരു അപരിചിതനെയെന്ന പോലെ നോക്കി. കുഞ്ഞ് കരഞ്ഞുതുടങ്ങി.

ഒന്നു രണ്ടാഴ്ച കഴിഞ്ഞ് ഇളം ചൂടുള്ള കഞ്ഞിവെള്ളം വന്നു വീണതും മുഖത്തിന്റെ അതേ ഇടതുഭാഗത്താണ്. എന്തിനെന്നറിയാതെ ശകാരം കേട്ടുനിന്നപ്പോൾ ആമിനയ്ക്ക് വായിലെന്തോ പുളിച്ചു.

അന്ന് നട്ടപ്പാതിരയ്ക്ക് കടലിലെ നക്ഷത്രങ്ങളെ സ്വപ്നം കണ്ട് ആമിനയുണർന്നു. എല്ലാവരും ഉറങ്ങിക്കിടക്കവേ, വലയും വാരിപ്പിടിച്ച് അവൾ തീരത്തേക്കു നടന്നു.

കടൽ ഇളകിമറിഞ്ഞുകൊണ്ടിരുന്നു. ആമിന ഒറ്റയ്ക്ക് കടലിൽ പോയി. അവളെ തൊടാൻ ആകാശം പൊട്ടിവീണു. കടലിന്റെ അഗാധതകളിൽ ഇരുട്ട് പ്രകാശിക്കുന്ന നീല അറകൾ അവൾക്കു മുന്നിൽ തുറന്നുവന്നു. നേരം വെളുത്തപ്പോൾ നക്ഷത്രം മിന്നുന്ന വലയുമായി തോണി തനിയേ

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 640 | Participant Code: 101

മടങ്ങി വന്നു.

ആ വലക്കണ്ണികളിൽ പിടിച്ചു കളിച്ചാണ് ആമിനയുടെ കുണുങ്ങുന്നത് വളരുന്നത് സാഹിറിന്റെ മാമ.

സാഹിർ അനങ്ങാതിരുന്നു. എഴുന്നേൽക്കാനോ കണ്ണു തുറക്കാനോ വയ്യാത്ത ~~[illegible]~~ മാമനെ അവർ കണ്ണിമയ്ക്കാതെ നോക്കി.

കുടിലിലൊറ്റയ്ക്കിരിക്കുന്ന നേരത്ത് മാമനെ കാണാൻ മാമന്റെ കാക്ക വന്നു. അതും ഇതുപോലൊരു ~~കുട്ടുച്ച്~~ നട്ടുച്ചയായിരുന്നു മാമാക്കൻ സാഹിറിന്റെ അടുത്തേ വന്നത്.

ആ വസന്തം പിടിച്ചിന്നെപ്പെട്ടതെങ്ങനെയെന്ന് ~~[illegible]~~ മാമ പറയാതെ തന്നെ സഹിറിനു മനസ്സിലായി. ഒന്നുമറിയാത്തതുപോലെ കാക്ക കുംപായവും ശരിയാക്കി ഇറങ്ങിപ്പോയപ്പോൾ മാമ കരഞ്ഞില്ല. മുറിവുകൾ വിങ്ങിയ ഉടലിൽ ആ പഴയ വലയെടുത്ത് പുതച്ചു. വലയുടുത്ത പെൺകു-

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ട്ടിയെ ആകാരം മാത്രം കണ്ടു. ചിലപ്പോൾ
കാടലും കണ്ടിരിക്കാം...
തല തെറ്റുന്ന അസുഖം വല്ലാതെ
കൂടിയ അന്ന് ഉമ്മ ആരോടും പറയാ-
തെ പൊട്ടിച്ചിരിച്ചു കൊണ്ട് കാട്ടിലേക്കോ-
ടിയിറങ്ങിപ്പോയപ്പോഴും കരഞ്ഞു തളർന്നിട്ടും
കാട്ടിൽ പോയ ഉമ്മ തിരിച്ചുവരാതിരുന്ന-
പ്പോഴും മാമ ഒരൊറ്റക്കണ്ണീർ പോലും ന-
നയാതെ മഴവെട്ടി തുറന്ന് വലയും മടി-
യിൽ വെച്ചിരുന്ന ഇരിപ്പ് സഹറിനോടൊപ്പം വന്നു
അവർ പതുക്കെ എഴുന്നേറ്റ് മാമന്റെ
നെറ്റിയിലുമ്മ വെച്ചു. ചുണ്ടുകളിൽ ഉപ്പു പുര-
ണ്ടതു പോലെ...
വെയിൽ ചാഞ്ഞു തുടങ്ങിയിരുന്നു. മൈ-
താനത്ത് കളി തുടരുന്നു. സഹറിന്റെ കാ-
ലുകൾ തരിച്ചു. ഇടയ്ക്കൊന്ന് പൊട്ടിയൊ-
ഴുകിയ വാക്കുകൾക്കു ശേഷം മാമ പിന്നെ-
യും മൗനത്തിലേക്കാഴ്ന്നു കഴിഞ്ഞിരുന്നു.
വലയും വാരിപ്പിടിച്ച്, ഹൃദയം കൊ-
ണ്ട് താളം പിടിച്ച്, ചുമ്മാ മൂളിച്ചൊരു

വാശമാസും"[16] മുളി സംഘർ പുറത്തേക്കു നടന്നു.

--*--*--*--

1. മുത്തശ്ശി
2. "എന്തിനാ നിനക്ക് വല?"
3. "എനിക്ക് ഗോൾപോസ്റ്റിൽ കെട്ടണം."
4. "അതെ."
5. "എടാ"
6. "എനിക്ക് കളിക്കണം."
7. "അതിന് നിനക്ക് കളിയെന്തെന്നറിയാമോ പെണ്ണേ"?
8. "ഇവിടെ വന്നിട്ട് നീ എന്തു ചെയ്യും?"
9. "ഞാൻ പന്ത് വലയിലിടും."
10. "അതിന് ഞങ്ങളുടെ പോസ്റ്റിലൊന്നും വലയില്ലല്ലോ! ഒരു പോസ്റ്റിലെങ്കിലും ഇടാനുള്ള വലയുമായി വാ നീ. അപ്പോൾ ഞങ്ങൾ നിന്നെ കളിക്കാൻ കൂട്ടാം."
11. "ആൺകുട്ടികളോട് വീണ്ടും വഴക്കിട്ടോ"
12. "ഇതാ വല അവർ പറഞ്ഞു, പോസ്റ്റിൽ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

വലയിട്ടാൽ എന്നെ കളിക്കാൻ കൂട്ടാമെന്ന്. എന്നെ വീണ്ടും ഒഴിവാക്കാനായി പറഞ്ഞതാണ്. പക്ഷേ എനിക്കങ്ങനെ ഒഴിവാകാനാകില്ലല്ലോ. ഞാനീ വലയുമായി പോവും. അവരിനിയെന്തു പറയുമെന്ന് നോക്കാം."

53. "നീ കളിക്ക് ഈ വലയ്ക്ക് വലിയൊരു കഥയുണ്ട്, കുറെ സ്വപ്നങ്ങൾ കണ്ട വലയാണത്. ഇനിയത് നിനക്കു സ്വന്തം.

54. അമ്മാവൻ

55. ചിത്രഭ്രമം

56. അർജന്റീന ടീമിന്റെ ഗാനമായ വാമോസ് വാമോസ് അർജന്റീന.